പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 848 — 30.10.2019-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്

**ചോദ്യം**

ശ്രീ.ചിറ്റയം ഗോപകുമാർ
ശ്രീ.ആർ. രാമചന്ദ്രൻ
ശ്രീ.ജി.എസ്.ജയലാൽ
ശ്രീമതി സി.കെ. ആശ

**മറുപടി**

എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സ്കൂളുകളിൽ നിന്ന് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | എ) | ഉണ്ട്.<br>കുടുംബ പ്രശ്നങ്ങൾ, രക്ഷിതാക്കളുടെ താത്പര്യമില്ലായ്മ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭാഷാപരവും സാമൂഹ്യപരവുമായ ഒറ്റപ്പെടൽ എന്നിവയാണ് പട്ടിക വർഗ്ഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ സ്കൂളുകളിൽ നിന്നും ഇടയ്ക്ക് പഠനം നിർത്തിപ്പോകുന്നതിനുള്ള പ്രധാന കാരണങ്ങൾ.<br>പ്രധാനമായും വയനാട്, ഇടുക്കി, ജില്ലകളിലാണ് വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കണ്ടു വരുന്നത്. എന്നാൽ കൊഴിഞ്ഞുപോക്കിനെ സംബന്ധിക്കുന്ന ശാസ്ത്രീയമായ പഠനം വകുപ്പ് നടത്തിയിട്ടില്ല. |
| ബി) | പൊതു വിദ്യാലയ പ്രവേശനം നേടുന്ന പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് അവരുടെ വിനിമയ ഭാഷയിൽ നിന്നും പഠന മാധ്യമമായ മലയാള ഭാഷയിലേക്ക് വരുമ്പോഴുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | ബി) | പൊതുവിദ്യാലയ പ്രവേശനം നേടുന്ന പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് അവരുടെ വിനിമയ ഭാഷയിൽ നിന്നും പഠന മാധ്യമമായ മലയാള ഭാഷയിലേയ്ക്ക് വരുമ്പോഴുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി പട്ടിക വർഗ്ഗ വിഭാഗങ്ങൾ കൂടുതൽ ഉള്ള വയനാട് ജില്ല, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് എന്നിവിടങ്ങളിലെ തെരഞ്ഞെടുത്ത സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ ഭാഷാ പ്രശ്നം ലഘൂകരിക്കുന്നതിനും, കൊഴിഞ്ഞ്പോക്ക് തടയുന്നതിനുമായി ഗോത്രവിഭാഗത്തിൽപ്പെട്ട ഓരോ അദ്ധ്യാപകരെ നിയമിക്കുന്ന "ഗോത്ര ബന്ധു പദ്ധതി" നടപ്പിലാക്കിയിട്ടുണ്ട്. പാലക്കാട് |

| | | | |
|---|---|---|---|
| | | | (അട്ടപ്പാടി ബ്ലോക്ക് ഒഴികെ), മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഗോത്ര ബന്ധു പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ പരിശോധിച്ചു വരുന്നു.<br><br>ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. 2016-17 വർഷം വയനാട് ജില്ലയിൽ 1 മുതൽ 4 വരെ ക്ലാസുകളിൽ പഠിച്ചിരുന്ന 359 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോയിരുന്നു. എന്നാൽ ഗോത്രബന്ധുപദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 2017-18 വർഷത്തിൽ കൊഴിഞ്ഞുപോക്ക് 321 ആയും 2018-19 വർഷത്തിൽ 111 ആയും കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| സി) | കൊഴിഞ്ഞുപോയ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളുകളിലേക്ക് മടക്കിക്കൊണ്ടുവരുന്നതിനും കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | സി) | കൊഴിഞ്ഞുപോയ പട്ടിക വർഗ്ഗ വിദ്യാർത്ഥികളെ സ്കൂളുകളിലേയ്ക്ക് മടക്കിക്കൊണ്ട് വരുന്നതിനും കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കി വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസം നല്ല രീതിയിൽ ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനായും പട്ടിക വർഗ്ഗ പ്രൊമോട്ടർമാർ വഴി വ്യാപകമായ ബോധവത്ക്കരണം വകുപ്പ് നടത്തിവരുന്നു. വിദൂര സ്ഥലങ്ങളിൽ നിന്നും കുട്ടികൾക്ക് സ്കൂളിൽ എത്തുന്നതിനായുള്ള വാഹനസൗകര്യത്തിനായി "ഗോത്രസാരഥി" പദ്ധതി നടത്തി വരുന്നു. മുടങ്ങാതെ സ്കൂളിൽ എത്തുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് പ്രോത്സാഹന ധനസഹായം നൽകിവരുന്നു. സംസ്ഥാനത്തെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 1 മുതൽ 4-ാം ക്ലാസുവരെ പഠിക്കുന്ന കുട്ടികളുടെ ഭാഷാ പ്രശ്നം ലഘൂകരിക്കുന്നതിനും, കൊഴിഞ്ഞ്പോക്ക് തടയുന്നതിനുമായി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ടി.ടി.സി./ഡി.എഡ് അല്ലെങ്കിൽ ബി.എഡ് പാസ്സായ അഭ്യസ്ത വിദ്യരിൽ നിന്നും തെരഞ്ഞെടുക്കുന്നവരെ ദിവസ വേതനാടിസ്ഥാനത്തിൽ അധ്യാപകരായി നിയമിക്കുന്ന പദ്ധതിയായ "ഗോത്രബന്ധു പദ്ധതിയും,", പട്ടികവർഗ കുട്ടികൾക്ക് മികച്ച രീതിയിലുള്ള ട്യൂഷൻ നൽകി പഠന നിലവാരം |

| | | | |
|---|---|---|---|
| | | | ഉയർത്തുന്നതിലേക്ക് പട്ടികവർഗ്ഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ഫെസിലിറ്റേറ്റർമാരായി നിയമിച്ച് 'സാമൂഹ്യ പഠനമുറി' പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.<br><br>പട്ടിക വർഗ കുട്ടികളുടെ വിദ്യാഭ്യാസ നില വാരം മെച്ചപ്പെടുത്തുന്നതിനായി ആകെ 500 സാമൂഹ്യ പഠനമുറികൾ സ്ഥാപിക്കുന്നതിനാണ് പട്ടികവർഗ്ഗ വികസന വകുപ്പ് തീരുമാനിച്ചിട്ടുള്ളത്. അതിൽ 100 സാമൂഹ്യപഠനമുറികൾ 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 150 സാമൂഹ്യപഠനമുറികൾ നടപ്പിലാക്കാൻ തീരുമാനിച്ചതിൽ 46 സാമൂഹ്യ പഠന മുറികൾ നടപ്പ് സാമ്പത്തികവർഷം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>സാമൂഹ്യപഠനമുറി പദ്ധതി നടപ്പിലാക്കിയതിന് ശേഷം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തെ സംബന്ധിച്ച് കൂടുതൽ അവബോധം ഉണ്ടാക്കുന്നതിനും സ്കൂളിൽ എല്ലാ പ്രവർത്തി ദിവസങ്ങളിലും കൃത്യസമയത്ത് എത്തിച്ചേരുന്നതിനും കഴിഞ്ഞിട്ടുണ്ട്. സ്കൂളിൽ പഠിപ്പിച്ച പാഠ്യഭാഗങ്ങളിൽ ഉണ്ടാകുന്ന സംശയങ്ങൾ സാമൂഹ്യപഠനമുറികളിലെ ഫെസിലിറ്റേറ്റർമാർ മുഖേന പരിഹരിക്കുന്നത് വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് സഹായകരമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ